# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1017

10.06.2019-ലെ മറുപടി

## പീരുമേട് നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പീരുമേട് നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച പുതിയ കുടിവെള്ള പദ്ധതികളുടെയും, ശാക്തീകരിക്കുന്നതിനോ വിപുലപ്പെടുത്തുന്നതിനോ അനുമതി ലഭിച്ചിട്ടുള്ള നിലവിലുള്ള പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | പീരുമേട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാന പദ്ധതി - 2018-19 – ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതി പീരുമേട് പഞ്ചായത്തിൽ വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കൽ - അടങ്കൽ തുക – 1535 ലക്ഷം<br>2. കിഫ്ബി -അയ്യപ്പൻ കോവിൽ പഞ്ചായത്തിനായുള്ള കുടിവെള്ള വിതരണ പദ്ധതി -അടങ്കൽ തുക -4642.40 ലക്ഷം<br>3. സ്റ്റേറ്റ് പ്ലാൻ 2017-18 - കുമളി പഞ്ചായത്തിലെ അൺകവേർഡ് ഏരിയായിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - ഭരണാനുമതി - 8 കോടി രൂപ<br>4. എൻ.ആർ.ഡി.ഡബ്ല്യൂ.പി.- പെരുവന്താനം കൊക്കയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി- ഭരണാനുമതി - 7 കോടി രൂപ<br>5. എൻ.ആർ.ഡി.ഡബ്ല്യൂ.പി.- പീരുമേട് വണ്ടിപ്പെരിയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - ഭരണാനുമതി -9 കോടി രൂപ.<br>6. ഏലപ്പാറയ്ക്കും അനുബന്ധ പഞ്ചായത്തുകൾക്കും 4200 മീറ്റർ പൈപ്പ് ലൈൻ നീട്ടൽ- അടങ്കൽ തുക -40 ലക്ഷം<br>7. വണ്ടിപ്പെരിയാർ - പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി - അടങ്കൽ തുക-60 ലക്ഷം |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതി, പീരുമേട് പഞ്ചായത്തിൽ വിതരണ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തികരിച്ച് കരാറുകാർ ഏറ്റെടുത്തിട്ടുണ്ട്. അയ്യപ്പൻ കോവിൽ പഞ്ചായത്തിനായുള്ള കുടിവെള്ള വിതരണ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമളി പഞ്ചായത്തിലെ അൺകവേർഡ് ഏരിയായിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് കമ്മീഷനിങ് വർക്കുകൾ പുരോഗമിക്കുന്നു. പെരുവന്താനം കൊക്കയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് മെയിന്റനൻസ് ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പീരുമേട് വണ്ടിപ്പെരിയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് മെയിന്റനൻസ് ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏലപ്പാറയ്ക്കും അനുബന്ധ പഞ്ചായത്തുകൾക്കും 4200 മീറ്റർ പൈപ്പ് ലൈൻ നീട്ടലിന്റെ കരാർ ഏറ്റെടുത്ത് ജോലി ആരംഭിച്ചിട്ടുണ്ട്. വണ്ടിപ്പെരിയാറിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത് ജോലി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**